**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3444** **26-10-2021 - ൽ മറുപടിയ്ക്ക്**

**വിലത്തകർച്ച മൂലമുള്ള കർഷകരുടെ പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | വിലത്തകർച്ച മൂലം കർഷകർ പ്രതിസന്ധിയിൽ ആയിരിക്കുന്ന സാഹചര്യത്തിൽ കേരളത്തിൽ ഉൽപാദിപ്പിക്കുന്ന എല്ലാ പ്രധാനപ്പെട്ട കാർഷിക വിളകൾക്കും ഉത്പാദനച്ചെലവിന്റെ ഇരട്ടിയിൽ കുറയാത്ത തുക താങ്ങുവിലയായി പ്രഖ്യാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (എ) | 26/10/2020 തീയതിയിലെ സ.ഉ. (എം.എസ്) നം.80/2020 പ്രകാരം , സംസ്ഥാനത്ത് കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷിക ഉത്പ്പന്നങ്ങൾ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ന്യായവില ലഭ്യമാക്കുന്നതിനായി കേരള ഫാം ഫ്രഷ് പഴം പച്ചക്കറി അടിസ്ഥാന വില പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. പദ്ധതിയുടെ പ്രഖ്യാപനത്തിലൂടെ കേരളത്തിലെ 16 ഇനം പഴം പച്ചക്കറികൾക്കാണ് അടിസ്ഥാന വില പ്രഖ്യാപിച്ചത്. മരച്ചീനി, നേന്ത്രൻ , കൈതച്ചക്ക, കുമ്പളം, വെള്ളരി, പാവൽ, പടവലം , വള്ളിപ്പയർ, തക്കാളി വെണ്ട, കാബേജ് ക്യാരറ്റ് ഉരുളക്കിഴങ്ങ്, ബീൻസ്, ബീറ്റ്റൂട്ട്, വെളുത്തുള്ളി എന്നിവയ്ക്കാണ് താങ്ങുവില പ്രഖ്യാപിച്ചിട്ടുള്ളത്. സംസ്ഥാന വില നിർണ്ണയ ബോർഡിന്റെ പഠനത്തിന്റെ അടിസ്ഥാനത്തിൽ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് അടിസ്ഥാന വില പ്രഖ്യാപിച്ചിട്ടുള്ളത്. കർഷകർക്ക് കൂടുതൽ പ്രയോജനം ലഭിയ്ക്കുന്ന തരത്തിൽ ഈ പദ്ധതിയിൽ എന്തൊക്കെ മാറ്റങ്ങൾ വേണമെന്നും ഏതൊക്കെ പുതിയ വിളകൾ ഉൾപ്പെടുത്തണമെന്നതും സംബന്ധിച്ച് വിവിധ ജില്ലകൾ സന്ദർശിച്ച് കർഷകരുടേയും വിവിധ മാർക്കറ്റ് നടത്തിപ്പുകാർ, നിർവ്വഹണോദ്യോഗസ്ഥർ, സംഭരണ ഏജൻസികൾ മുതലായവരുടേയും അഭിപ്രായങ്ങൾ ശേഖരിച്ച് സംസ്ഥാന കാർഷിക വില നിർണ്ണയ ബോർഡ് വിശദമായ റിപ്പോർട്ട് തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ